بسم الله الرحمن الرحيم

- ഇന്ന് പരസ്പരമുള്ള പ്രശ്നങ്ങളിലധികവും ഊഹങ്ങളും തെറ്റിദ്ധാരണകളും കാരണമാണ്.
- ഉദാഹരണം: സുഹൃത്തുക്കൾക്കും ഭാര്യ ഭർത്താക്കന്മാർക്കും ഇടയിൽ, ഒന്നിച്ച് പ്രവർത്തിക്കുന്നവർക്കും, ജോലി ചെയ്യുന്നവർക്കുമിടയിൽ...
- അത് സ്നേഹ ബന്ധങ്ങൾക്കിടയിൽ വിള്ളലും അകൽച്ചയുമുണ്ടാക്കുന്നു.
- സ്നേഹത്തിന്റെ സ്ഥാനത്ത് പകയും വെറുപ്പും നിറക്കുന്നു.
- **ചില ഉദാഹരണങ്ങൾ**

### 1. സലാം മടക്കാതെ നടന്നു പോയ ഒരാൾ...

- ✓ അത്തരം ഒരു കാഴ്ച്ച നാം കണ്ടാൽ നമ്മിൽ പിശാച് വസ്‌വാസ് ഉണ്ടാക്കി തുടങ്ങും.
- ✓ ഇയാൾ വലിയ ആൾ ആയി. തലക്കനമാണ്,
- ✓ സത്യത്തിൽ അയാൾ കേട്ടിരിക്കില്ല, അല്ലെങ്കിൽ മറ്റെന്തെങ്കിലും ചിന്തിച്ച് പോയതാകാം.

### 2. മെസേജിന് പ്രതികരണം ലഭിക്കാതിരിക്കുമ്പോൾ

- ✓ അയാൾ കണ്ടതല്ലേ? വായിച്ചതല്ലേ? പണ്ഡിതനാണ് പോലും....?
- ✓ സത്യത്തിൽ അയാൾ കണ്ടിട്ടില്ലായിരിക്കും, അല്ലെങ്കിൽ കുട്ടികൾ എടുത്തു കളിച്ചതാകാം, മറന്നു പോയതായിരിക്കും.

- **ഉസാമ (റ) വാളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി കലിമ ചൊല്ലിയ വ്യക്തിയെ വധിച്ച സംഭവത്തിൽ നബി (സ്വ) പഠിപ്പിച്ച പാഠങ്ങൾ.**

عَنْ أَبِي ظَبْيَانَ، قَالَ: سَمِعْتُ أُسَامَةَ بْنَ زَيْدٍ يُحَدِّثُ، قَالَ: بَعَثَنَا رَسُولُ اللَّهِ– صلى الله عليه وسلم – إِلَى الْحُرَقَةِ، مِنْ جُهَيْنَةَ، قَالَ: فَصَبَّحْنَاهُمْ، فَقَاتَلْنَاهُمْ، فَكَانَ مِنْهُمْ رَجُلٌ، إِذَا أَقْبَلَ الْقَوْمُ كَانَ مِنْ أَشَدِّهِمْ عَلَيْنَا، وَإِذَا أَدْبَرُوا كَانَ حَامِيَتَهُمْ، قَالَ: فَغَشِيتُهُ، أَنَا وَرَجُلٌ مِنَ الأَنْصَارِ، قَالَ: فَلَمَّا غَشِينَاهُ، قَالَ: لاَ إِلَهَ إِلاَّ اللَّهُ فَكَفَّ عَنْهُ الأَنْصَارِيُّ، وَقَتَلْتُهُ، فَبَلَغَ ذَلِكَ النَّبِيَّ صلى الله عليه وسلم، فَقَالَ: يَا أُسَامَةُ، أَقَتَلْتَهُ بَعْدَ مَا قَالَ لاَ إِلَهَ إِلاَّ اللَّهُ؟ قَالَ: قُلْتُ: يَا رَسُولَ اللَّهِ إِنَّمَا كَانَ مُتَعَوِّذًا مِنَ الْقَتْلِ، فَكَرَّرَهَا عَلَيَّ، حَتَّى تَمَنَّيْتُ أَنِّي لَمْ أَكُنْ أَسْلَمْتُ إِلاَّ يَوْمَئِذٍ. (أخرجه أحمد)

- **നാം മറ്റുള്ളവരിൽ ഉന്നയിക്കുന്ന വീഴ്ച്ചകൾ നമ്മളിലും സംഭവിക്കാറില്ലേ?**

**ശ്രദ്ധിക്കേണ്ട കാര്യം: തെറ്റിദ്ധാരണകൾക്കും ഊഹത്തിനും അവസരമുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നും വിശ്വാസികൾ അകന്നു നിൽക്കണം.**

1. **ഉദാഹരണം:**

- നബി (സ്വ) യും ഭാര്യ സഫിയ (റ) വും സംസാരിച്ചു നിൽക്കുമ്പോൾ രണ്ടു സ്വഹാബികൾ ആ വഴിയിലൂടെ പോയപ്പോൾ നബി (സ്വ) അവരെ വിളിച്ചു പറഞ്ഞു: ഇത് എന്റെ ഭാര്യ സഫിയ ആണ്. നബിയെ, ഞങ്ങൾ താങ്കളെ സംശയിക്കു കയോ എന്നു അവർ പറഞ്ഞപ്പോൾ നബി (സ്വ) അവരെ പഠിപ്പിച്ച വാചകങ്ങൾ

عَنْ أَنَسٍ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ مَعَ إِحْدَى نِسَائِهِ فَمَرَّ بِهِ رَجُلٌ فَدَعَاهُ فَجَاءَ فَقَالَ يَا فُلَانُ هَذِهِ زَوْجَتِي فُلَانَةُ فَقَالَ يَا رَسُولَ اللَّهِ مَنْ كُنْتُ أَظُنُّ بِهِ فَلَمْ أَكُنْ أَظُنُّ بِكَ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ الشَّيْطَانَ يَجْرِي مِنْ الْإِنْسَانِ مَجْرَى الدَّمِ (مسلم)

- **ഇതു പോലെ തെറ്റിദ്ധാരണയുടെ സാഹചര്യങ്ങൾ ഒഴിവാക്കണം.**

- ദാമ്പത്ത്യത്തിൽ വരാം – അതോടെ ആ ബന്ധം തകർന്നു തുടങ്ങും.
- സൌഹൃദ ബന്ധങ്ങളിൽ വരാം – കൂട്ടു കെട്ട് തകരാം.
- ബന്ധുക്കൾക്കിടയിൽ വരാം – കുടുംബ ബന്ധം തകരും
- ആദർശ ബന്ധുക്കൾക്കിടയിൽ വരാം – പ്രബോധന മേഖലയെ ബാധിക്കും.

- **ക്വുർആൻ വിശ്വാസികളോട് കൽപിച്ചത്.**

يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ وَلَا تَجَسَّسُوا وَلَا يَغْتَبْ بَعْضُكُمْ بَعْضًا أَيُحِبُّ أَحَدُكُمْ أَنْ يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَحِيمٌ (الحجرات: ١٢)

- ആയിശ (റ) യുടെയും സ്വഫ് വാൻ (റ) വിന്റെയും പേരിലുള്ള അപവാദ പ്രചരണം

- **ഊഹം വെച്ചു പ്രചരിപ്പിച്ചവരോട് റബ്ബ് ചോദിച്ചത്.**

لَوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنْفُسِهِمْ خَيْرًا وَقَالُوا هَذَا إِفْكٌ مُبِينٌ (النور: ١٢)

- **വിശ്വാസികൾക്ക് മാതൃകയാണീ ചരിത്രം.**

- അബു അയ്യൂബിൽ അൻസാരി (റ) വും അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു അയ്യൂബിൽ അൻസാരിയും തമ്മിൽ ആയിശ (റ) വിന്റെ പേരിൽ നടന്ന അപവാദ പ്രചരണവുമായി ബന്ധപ്പെട്ട നടന്ന ഒരു സംസാരം ഇപ്രകാരം വായിക്കാം.

يَا أَبَا أَيُّوبَ، أَلَا تَسْمَعُ مَا يَقُولُ النَّاسُ فِي عَائِشَةَ؟ قَالَ بَلَى، وَذَلِكَ الْكَذِبُ، أَكُنْتِ يَا أُمَّ أَيُّوبَ فَاعِلَةً ذَلِكَ؟ قَالَتْ: لَا وَاللَّهِ مَا كُنْتُ أَفْعَلُهُ قَالَ: فَعَائِشَةُ خَيْرٌ مِنْكِ (تفسير الطبري)

- **ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെക്കുറിച്ച് സദ് വിചാരം ഉള്ളവനായിരിക്കണം.**

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم، قَالَ: إِيَّاكُمْ وَالظَّنَّ، فَإِنَّ الظَّنَّ أَكْذَبُ الْحَدِيثِ، وَلاَ تَحَسَّسُوا، وَلاَ تَجَسَّسُوا، وَلاَ تَحَاسَدُوا، وَلاَ تَدَابَرُوا، وَلاَ تَبَاغَضُوا، وَكُونُوا عِبَادَ اللهِ إِخْوَانًا ( أخرجه أحمد البُخاري)

- **സലഫുകൾ ഊഹത്തെക്കുറിച്ച് പറഞ്ഞത്...**

- നീ നിന്റെ സഹോദരനെ തെറ്റിദ്ധരിക്കുന്നതിന് മുമ്പ് അവന്റെ എഴുപത് ഒഴിവു കഴിവുകളെ എണ്ണുക. എന്നിട്ടും നിന്റെ ധാരണ ശരിയാകുന്നില്ലെങ്കിൽ എനിക്കറിയാത്ത എന്തോ ഒരു കാര്യം ഉണ്ട് എന്ന് കരുതുക. അല്ലാതെ നീ അവനെ തെറ്റിദ്ധരിക്കരുത്.

- **ഇബ്നു സീരിൽ (റഹി) പറഞ്ഞു:**

إِذَا بَلَغَكَ عَنْ أَخِيكَ الشَّيْءُ تُنْكِرُهُ فَالْتَمِسْ لَهُ عُذْرًا وَاحِدًا إِلَى سَبْعِينَ عُذْرًا، فَإِنْ أَصَبْتَهُ وَإِلَّا قُلْ: لَعَلَّ لَهُ عُذْرًا لَا أَعْرِفُهُ

- **ഉമർ (റ) പറഞ്ഞത്:**

لَا يَنْتَفِعُ بِنَفْسِهِ مَنْ لَا يَنْتَفِعُ بِظَنِّهِ.

- തന്റെ വിചാരം കൊണ്ട് ഗുണം കൊയ്യാത്തവൻ തന്റെ ശരീരം കൊണ്ടും ഗുണം നേടില്ല.

- **حسن الظن ന്റെ സ്ഥാനത്ത് سوء الظن വരാനുള്ള കാരണങ്ങൾ...**

1. മനസ്സിൽ പാപങ്ങൾ നിറയുകയും ഈമാൻ കുറയുകയും ചെയ്യുന്നത്.
2. മുൻ വിധി (അമ്മായി ഉമ്മ, മരുമകൾ)
3. അസൂയ (ഒരാളുടെ നേട്ടവും വിജയവും കാണുമ്പോൾ)

4. അഭിപ്രായ ഭിന്നതകളോടുള്ള ഇടുങ്ങിയ സമീപനം
5. മുൻ അഭിപ്രായങ്ങൾ വെച്ച് വിലയിരുത്തൽ.

## എങ്ങനെ حسن الظن ഉണ്ടാക്കി എടുക്കാം?

- ഹൃദയ വിശാലതക്കും വിശുദ്ധിക്കും വേണ്ടിയുള്ള പ്രാർത്ഥനകളിലൂടെ.

اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلَاهَا اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَعِلْمٍ لَا يَنْفَعُ وَدَعْوَةٍ لَا يُسْتَجَابُ لَهَا

- മറ്റുള്ളവരുടെ കാര്യത്തിൽ തലയിടാതിരിക്കുക
- മറ്റുള്ളവരെപ്പോലെ തന്റെ വീഴ്ച്ചകളും അംഗീകരിക്കുക.
- സഹോദരന്റെ നേട്ടത്തിൽ ആത്മാർത്ഥമായി സന്തോഷിക്കുക
- മനുഷ്യ സ്വഭാവത്തിലുള്ള വ്യത്യാസം മനസ്സിലാക്കാനും ആദരിക്കാനും പരിശ്രമിക്കുക.

## حسن الظن ലൂടെ ലഭിക്കുന്ന നേട്ടങ്ങൾ

- റബ്ബിന്റെ തൃപ്തി.
- സന്തോഷവും ആരോഗ്യവുമുള്ള മനസ്സും
- ജനങ്ങൾ ഇഷ്ടപ്പെടുന്നവനായിത്തീരുന്നു.
- സ്വന്തം ന്യൂനതകൾ തിരിച്ചറിയുന്നു.

---

- റൌദത്തുൽ ഖുത്തബാഉന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.